ഖുത്വ്ബ നമ്പർ
38
21-09-2012

بسم الله الرحمن الرحیم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز
വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# സ്വലാത്ത് ചൊല്ലി കൊണ്ട് നബിനിന്ദക്കെതിരെ പ്രതികരിക്കുക

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ ۚ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا ﴿٥٧﴾ إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٨﴾

ഈ ആയത്തുകളുടെ തർജ്ജമ ഇപ്രകാരമാണ്.

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളെ അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക.

അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവൻ ആരോ, നിശ്ചയമായും അല്ലാഹു അവരെ ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കി വെക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ന് മുസ്‌ലിം ലോകത്തിൽ, മുസ്‌ലിം രാജ്യങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന മുസ്‌ലിംകൾക്കിടയിലും, മുസ്‌ലിം വിരോധ പ്രകൃതക്കാരുടെ അങ്ങേയറ്റം നീചവും അതിക്രമപരവുമായ പ്രവർത്തനങ്ങൾക്കെതിരിൽ വളരെ വലിയ കോപവും ദു:ഖവും അലയടിച്ച് കൊണ്ടിരിക്കുകയാണ്. ഈ ദു:ഖത്തിന്റേയും കോപത്തിന്റേയും പ്രകടനത്തിൽ തീർച്ചയായും മുസ്‌ലിംകൾ സത്യത്തിൽ നിലകൊള്ളുന്നവരാണ്. റസൂൽ തിരുമേനി(സ)യുടെ യഥാർത്ഥത്തിലുള്ള സ്ഥാനം എന്തായിരുന്നു എന്ന ബോധ്യം ഒരു മുസ്‌ലിമിന് ഉണ്ടായിരുന്നാലും ഇല്ലെങ്കിലും റസൂൽ തിരുമേനിയുടെ അഭിമാനത്തിന് വേണ്ടി മരിച്ച് വീഴാനും യുദ്ധം ചെയ്യാനും തയ്യാറാവുന്നു. ഇസ്‌ലാമിന്റെ ശത്രുക്കൾ റസൂൽ തിരുമേനിയെക്കുറിച്ച് നിർമ്മിച്ച അനാവശ്യവും നീചവുമായ ചലചിത്രം, ഈ ചിത്രത്തിൽ എത്ര മാത്രം അക്രമപരമായ രീതിയിലാണോ റസൂൽ തിരുമേനിയെ അപമാനിക്കാൻ ശ്രമിച്ചിരിക്കുന്നത്, അത് കേൾക്കുമ്പോൾ ഓരോ മുസ്‌ലിമിനും ഉണ്ടാകുന്ന ദുഖവും കോപവും ഒരു പ്രകൃതിപരമായ കാര്യമാണ്. മനുഷ്യസമൂഹത്തിന് ഔദാര്യം ചെയ്ത റഹ്മത്തുല്ലിൽ ആലമീൻ ആയ, അല്ലാഹുവിന്റെ പ്രേമഭാജനം, ആരാണോ തന്റെ രാത്രികൾ പോലും സൃഷ്ടികളുടെ ക്ലേശദൂരീകരണ ത്തിനായി വിനിയോഗിച്ചത്, ആരാണോ തന്റെ ജീവനെ, സൃഷ്ടികളെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് വേണ്ടി വിനിയോഗിച്ചത്, ഇതിന്നായി ഇത്രമാത്രം ദു:ഖിതനായി, ഇത്രമാത്രം തന്നെ സ്വയം ബുദ്ധിമുട്ടിൽ അകപ്പെടുത്തി, അർശിലെ അല്ലാഹു അദ്ദേ ഹത്തെ അഭിസംബോധന ചെയ്ത് കൊണ്ട് ചോദിച്ചു.

فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰ آثَارِهِمْ إِن لَّمْ يُؤْمِنُوا بِهَٰذَا الْحَدِيثِ أَسَفًا ﴿٧﴾

നീ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയാത്ത ഈ ആളുകൾക്ക് വേണ്ടി തന്റെ ജീവനെ നശിപ്പിച്ച് കളയുമോ? ഈ മഹാനായ മനുഷ്യസ്നേഹിയെ കുറിച്ച് ഇത്രമാത്രം അപമാനം നിറഞ്ഞ ചലചിത്രം തീർച്ചയായും ഒരു മുസ്‌ലിമിന്റെ ഹൃദയത്തെ ദു:ഖിപ്പിക്കുന്നത് ആയിരിക്കും. ഏറ്റവും കൂടുതലായി ഒരു അഹ്മദി മുസ്‌ലിമിന് ദു:ഖം അനുഭവപ്പെട്ടു. കാരണം നാം തിരുമേനിയുടെ സത്യസന്ധനും പ്രേമിയുമായ ദാസനെ വിശ്വസിക്കുന്നവരാണ്, അദ്ദേഹം നമുക്ക് റസൂൽ തിരുമേനിയുടെ മഹിതസ്ഥാനത്തെ കുറിച്ചുള്ള ബോധ്യം നൽകി. ഈ പ്രവർത്തനം മൂലം ഞങ്ങളുടെ ഹൃദയം മുറിവുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഞങ്ങളുടെ കരൾ മുറിഞ്ഞുപോയിരിക്കുന്നു. ഞങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുകയാണ്. അല്ലാഹു ഈ അതിക്രമികളോട് പകരം ചോദിക്കട്ടെ. ഇവരെ ഭൂമി ഉണ്ടാകുന്നത് വരെ നിലനിൽക്കുന്ന പാഠമായി തീരുന്ന അടയാളമാക്കി തീർക്കേണമേ. ഞങ്ങൾക്ക് കാലത്തിന്റെ ഇമാം പ്രവാചകസ്നേഹത്തിന്റെ ഗ്രാഹ്യം ഇപ്രകാരം നൽകിയിരിക്കുന്നു, വനാന്തരങ്ങളിലെ സർപ്പങ്ങളോടും മൃഗങ്ങളോടും രഞ്ജിപ്പ് സാധ്യമാണ്. എന്നാൽ ഞങ്ങളുടെ യജമാനരും നേതാ വുമായ ഖാത്തമുൽ അമ്പിയാ ഹദ്റത് മുഹമ്മദ് റസൂലുല്ലാഹ് (സ) യെ അധിക്ഷേപിക്കുന്നവരുമായും അതിൽ ശാഠ്യം പിടിച്ച് മുന്നോട്ട് പോകുന്നവരുമായും ഞങ്ങൾക്ക് രഞ്ജിപ്പ് സാധ്യമല്ല.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു.തങ്ങളുടെ നബിയുടെ അഭിമാനത്തിന് വേണ്ടി ജീവൻ നൽകാൻ തയ്യാറുള്ള ഒരു സമുദായമാണ് മുസ്‌ലിംകൾ. ദിനരാത്രങ്ങളിൽ അവരുടെ റസൂൽ കരീം(സ) ചീത്ത പറയുന്നവരുമായി രഞ്ജിപ്പിലാവുകയും അവരുടെ സുഹൃത്തുക്കളായിരിക്കുകയും ചെയ്യേണ്ടി വരുന്ന അപമാനനത്തേക്കാൾ മരണം അവർ ഇഷ്ടപ്പെടുന്നു. തങ്ങളുടെ ഗ്രന്ഥങ്ങളിലും മാസികകളിലും വിജ്ഞാപനങ്ങളിലും അവർ അങ്ങേയറ്റം അപമാനകരമായ രീതിയിൽ അദ്ദേഹത്തിന്റെ പേര് ഉപയോഗിക്കുന്നു. വളരെ മോശമായ വാക്കുകളിൽ അദ്ദേഹത്തെ സ്മരിക്കുന്നു. ഓർത്തുകൊള്ളുക, അത്തരക്കാർ സ്വസമുദായത്തിനും നന്മ ആഗ്രഹിക്കുന്നവരല്ല. കാരണം അവർ അവരുടെ മാർഗ്ഗത്തിൽ തന്നെ മുള്ള് വിരിക്കുകയാണ്. ഞാൻ സത്യമായും പറയുന്നു; അഥവാ ഞങ്ങൾക്ക് വനാന്തരങ്ങളിലെ സർപ്പങ്ങളുമായും മൃഗങ്ങളുമായും ഐക്യപ്പെടേണ്ടി വന്നാൽ അതു സാധ്യമാണ്. എന്നാൽ അല്ലാഹുവിന്റെ പരിശുദ്ധ നബിമാരുടെ അഭിമാനത്തെക്കുറിച്ച് ചീത്തവിളിക്കുന്നതിൽ നിന്ന് വിട്ടു നിൽക്കാത്തവരുമായി ഐക്യപ്പെടാൻ സാധ്യമല്ല. തെറിയിലും ചീത്ത വിളിയിലുമാണ് വിജയം എന്ന് അവർ ധരിക്കുന്നു, എന്നാൽ എല്ലാ വിജയവും ആകാശത്തിൽ നിന്നാണ് വരുന്നത്. പറയുന്നു പരിശുദ്ധ വാക്കുകൾ പറയുന്നവർ തങ്ങളുടെ പരിശുദ്ധ വചനങ്ങൾ

മുഖേന അവസാനം ഹൃദയങ്ങളെ ജയിച്ചടുക്കുന്നു. എന്നാൽ ദുഷ്പ്രകൃതക്കാർ രാജ്യത്ത് വിഭാഗീയതയും കുഴപ്പവും ഉണ്ടാക്കുകയല്ലാതെ മറ്റൊരു പ്രവർത്തനവും ചെയ്യുന്നവരല്ല.

പറയുന്നു. അനുഭവവും പറയുന്നത് അത്തരത്തിലുള്ള ചീത്ത വിളിക്കുന്നവരുടെ പര്യവസാനവും നല്ലതായിരിക്കുകയില്ല എന്നാണ്. അല്ലാഹുവിന്റെ ആത്മാഭിമാനം തന്റെ പ്രിയപ്പെട്ടവർക്കായി അവസാനം പ്രവർത്തിക്കുന്നു.

ഈ കാലഘട്ടത്തിൽ പത്രങ്ങളിലൂടേയും മാസികകളിലൂടേയും മീഡിയയുടെ മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ചു കൊണ്ടും ഈ ദുഷ്പ്രവർത്തി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവർ തങ്ങളുടെ ദുശ്ശാഠ്യം നിമിത്തം അല്ലാഹുവുമായി പോരാടുകയാണ്. ഇൻശാ അല്ലാഹു തആലാ, അവർ അവന്റെ പിടുത്തത്തിൽ വരുന്നതായിരിക്കും, ഇവർ ദുശ്ശാഠ്യത്തിൽ നിലനിൽക്കുകയാണ്, തങ്ങളുടെ അക്രമപ്രവർത്തനം നെഞ്ച് വിരിച്ചുകൊണ്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. 2006ൽ ഡെന്മാർക്കിലെ ദുഷ്പ്രകൃതക്കാർ റസൂൽ തിരുമേനിയുടെ അനാവശ്യ ചിത്രം ഉണ്ടാക്കിയപ്പോൾ, ഞാൻ ജമാഅത്തിനോട് ശരിയായ രീതിയിൽ പ്രതികരിക്കാൻ പറഞ്ഞതോടൊപ്പം ഇത് കൂടി പറഞ്ഞിരുന്നു. ഈ അക്രമികൾ മുമ്പും ജനിച്ചിട്ടുണ്ട്, ഇത് ഇതുകൊണ്ട് അവസാനിക്കുകയില്ല. മുസ്‌ലിംകളുടെ ഭാഗത്തു നിന്ന് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിരോധം കൊണ്ട് വ്യത്യാസം ഒന്നും ഉണ്ടാവുകയില്ല. മറിച്ച് ഭാവിയിലും ഇത്തരക്കാർ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കും, അതിനേക്കാൾ ഉയർന്ന നിലയിൽ ഈ നീചപ്രവർത്തനവും അതിക്രമവും ചെയ്തതായി നാം കാണുകയും ചെയ്യുന്നു. അന്നുമുതൽ ഇന്നു വരേക്കും അവർ ഈ കാര്യത്തിനായി തന്ത്രങ്ങളുണ്ടാക്കുകയായിരുന്നു. ഇത് ഇസ്‌ലാമിനെതിരിൽ ഇവരുടെ അപമാനവും പരാജയവുമാണ്, ഇത് ഇവരെ ചിന്താസ്വാതന്ത്ര്യത്തിന്റെ പേരിൽ നീചപ്രവർത്തനത്തിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, ഓർത്തുകൊള്ളുക ഇവർ സ്വസമുദായത്തിന്റേയും അഭ്യുദയകാംക്ഷികളല്ല. ഈ കാര്യം ഒരു ദിവസം ഈ സമുദായത്തിലെ ആളുകൾക്കും വ്യക്തമാകും. ഇന്ന് ഇവർ ചെയ്യുന്ന ദുഷ്കർമ്മങ്ങൾ ഇവരുടെ സമുദായത്തിന് തന്നെ നഷ്ടം വരുത്തും എന്ന് വ്യക്തമാകും, ഇവർ സ്വന്തം കാര്യം നോക്കുന്നവരും, അക്രമികളുമാണ്. ഇവർക്ക് കേവലം തങ്ങളുടെ ആഗ്രഹപൂർത്തികരണമല്ലാതെ മറ്റാരുമായും യാതൊരു ബന്ധവുമില്ല. ഇപ്പോൾ സ്വതന്ത്രചിന്താഗതിയുടെ പേരിൽ, രാഷ്ട്രീയക്കാരും മറ്റുള്ളവരും വ്യക്തമായി ഇവരുടെ ഭാഗത്ത് നിന്നും സംസാരിക്കുന്നു. ചില സമയത്ത് മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് കൊണ്ടും സംസാരിക്കുന്നു. എന്നാൽ ഓർത്തുകൊള്ളുക, ഇപ്പോൾ ലോകം ഒരു ഗ്രാമമായത് കൊണ്ട് ഇത്തരം കാര്യങ്ങൾ നികൃഷ്ടകർമ്മമാണെന്ന് തുറന്ന ഭാഷയിൽ പറഞ്ഞില്ലെങ്കിൽ ഈ രാജ്യങ്ങളിലെ ജീവിതത്തേയും നശിപ്പിക്കും. അല്ലാഹുവിന്റെ ലാത്തി വീശുക തന്നെ ചെയ്യും, അത് ഇതിന് പുറമെയാണ്, എല്ലാ വിജയവും ആകാശത്തിൽ നിന്നാണ് വരുന്നത് എന്ന കാലത്തിന്റെ ഇമാമിന്റെ ഈ വാക്കുകൾ ഓർത്തുകൊള്ളുക. എന്നാൽ ഏതൊരു റസൂലിനെയാണോ നിങ്ങൾ നിന്ദിക്കാൻ ശ്രമിക്കുന്നത്, അദ്ദേഹം ലോകത്ത് അധീശത്വം സ്ഥാപിക്കും എന്ന് ആകാശം വിധിച്ചിരിക്കുന്നു. എന്നാൽ അധീശത്വം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ ഹൃദയങ്ങളെ ജയിച്ചടക്കിയിരിക്കും. കാരണം വിശുദ്ധവചനങ്ങൾ സ്വാധീനം ചെലുത്തും, പരിശുദ്ധ വചനങ്ങൾക്ക് തീവ്രവാദത്തിന്റെ ആവശ്യമില്ല. അതല്ലെങ്കിൽ ചീത്തക്ക് ചീത്തകൊണ്ട് മറുപടി പറയേണ്ടതില്ല. ഈ തെറിവിളി തുടങ്ങിയവർ ഇവർ ഇൻശാഅല്ലാഹ്. വളരെ പെട്ടെന്ന് തന്നെ ഇല്ലാതാകും. പിന്നീട് ഈ ജീവിതത്തിന് ശേഷം ഇത്തരക്കാരെ അല്ലാഹു ഏറ്റെടുക്കും. ഞാൻ ഓതിയ

ഈ ആയത്തുകളെല്ലാം അല്ലാഹു വിശ്വാസികളോട് അവരുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നിങ്ങളുടെ ജോലി ഈ പ്രവാചകന് സ്വലാത്തും സ്വലാമും ചൊല്ലുക എന്നുള്ളതാണ്. ഇവരുടെ തെറിവിളിയും അക്രമവും പരിഹാസവും കൊണ്ട് ആ മഹാനായ നബിയുടെ അഭിമാനത്തിന് ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. ഇത് അല്ലാഹുവും അവന്റെ മലക്കുകളും സ്വലാത്ത് ചൊല്ലപ്പെടുന്ന മഹാനായ പ്രവാചകനാണ്. വിശ്വാസികളുടെ ജോലി ഈ നബിക്ക് സ്വലാത്ത് ചൊല്ലുന്നതിൽ തങ്ങളുടെ നാവിനെ മുഴുകിപ്പിക്കുക എന്നതാണ്. ശത്രുക്കൾ തെറിവിളിയിൽ മുന്നേറുമ്പോൾ മുമ്പത്തേക്കാൾ കൂടുതലായി സ്വലാത്തും സ്വലാമും ചൊല്ലുക.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ
عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

ഇത് തന്നെയാണ് ലോകത്ത് അതിശത്വം വിധിച്ചിരിക്കുന്ന നബിക്കായി ചൊല്ലേണ്ട സ്വലാത്ത്. ഒരു അഹ്മദി മുസ്‌ലിം ഈ തെറിവിളിയെ വെറുക്കുകയും ഇതിൽ ദുഖവും കോപവും രേഖപ്പെടുത്തുന്നതോടൊപ്പം, ഇവരേയും തങ്ങളുടെ രാജ്യങ്ങളിലെ ഭരണാധികാരികളേയും ഈ തെറിവിളിയിൽ നിന്ന് വിട്ടു നിൽക്കാനും, ഇത് തടയാൻ അവരെ ശ്രദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. അഹ്മദികൾ അങ്ങനെ ചെയ്യാറുണ്ട്. ഭൗതീകമായ നിലയിൽ ഒരു അഹ്മദി ഈ വിധത്തിൽ പരിശ്രമിക്കുന്നു. ഈ കുതന്ത്രത്തിനെതിരിൽ ലോകത്തിന് യാഥാർത്ഥ്യം ബോധ്യപ്പെടുത്തി കൊടുക്കുന്നു, യാഥാർത്ഥ്യം പറഞ്ഞു കൊടുക്കുന്നു, റസൂൽ തിരുമേനിയുടെ ജീവിതത്തിന്റെ മനോഹരരൂപം കാണിച്ച് കൊടുക്കുന്നു. അവിടുത്തെ പരിശുദ്ധജീവിതത്തിന്റെ ഉത്തമമാതൃകയുടെ പ്രകടനം തന്റെ ഓരോ പ്രവർത്തനം കൊണ്ടും പ്രകടമാക്കിക്കൊണ്ട് ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടേയും അദ്ദേഹത്തിന്റെ ഉത്തമമാതൃകയുടെ പ്രവർത്തനചിത്രവും ലോകത്തിന് കാണിച്ചുകൊടുക്കുക. ഞാൻ പറഞ്ഞതുപോലെ മുമ്പത്തേക്കാൾ ഉപരിയായി സ്വലാത്തിലേക്കും സ്വലാമിലേക്കും ശ്രദ്ധിക്കുകയും ചെയ്യുക. സ്ത്രീകളും പുരുഷന്മാരും വൃദ്ധരും യുവാക്കളും കുട്ടികളും തങ്ങളുടെ പരിസരവും ചുറ്റുപാടും സ്വലാത്ത് കൊണ്ടും സ്വലാം കൊണ്ടും നിറക്കുക. തങ്ങളുടെ പ്രവർത്തനത്തെ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ പ്രവർത്തനരൂപങ്ങളാക്കുക. ഈ മനോഹര പ്രതികാരമാണ് നാം ചെയ്യേണ്ടത്.

ഇനി ഈ അക്രമികളുടെ പര്യവസാനത്തെ കുറിച്ച് അല്ലാഹു അടുത്ത ആയത്തിൽ പറഞ്ഞിട്ടുണ്ട്. റസൂലിന് ബുദ്ധിമുട്ട് ഏൽപ്പിക്കുന്നവർ, ഈ കാലഘട്ടത്തിൽ യഥാർത്ഥ മുഅ്മിനീങ്ങളുടെ ഹൃദയം റസൂൽ തിരുമേനിയെകുറിച്ച് ദുഖിപ്പിച്ച് മുറിവേൽപ്പിക്കുന്നവരെ അല്ലാഹു സ്വയം ഏറ്റെടുക്കും. ഇത്തരക്കാരിൽ ഈ ലോകത്ത് അല്ലാഹുവിന്റെ ശാപമുണ്ട്, ഈ ശാപം നിമിത്തം അവർ മാലിന്യത്തിൽ കൂടുതൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കും. മരണത്തിന് ശേഷം അത്തരക്കാർക്ക് അല്ലാഹു അപമാനകരമായ ശിക്ഷ ഒരുക്കി വെച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വിഷയമാണ് വിവരിച്ചിരിക്കുന്നത്. അത്തരം നീചപ്രകൃതക്കാരുടെ പര്യവസാനം നല്ലതായിരിക്കുകയില്ല. ഇവർ തങ്ങളുടെ പര്യവസാനത്തിലേക്ക് എത്തുന്നതായിരിക്കും. ഈ ലോകത്തിൽ അല്ലാഹുവിന്റെ ശാപത്താലും മരണത്തിന് ശേഷം അപമാനകരമായ ശിക്ഷ കൊണ്ടും. മറ്റു മുസ്‌ലിംകളും അല്ലാഹുവിന്റെ അദ്ധ്യാപന

മനുസരിച്ച്, അല്ലാഹുവിന്റെ കൽപനയനുസരിച്ച് ഈ മാതൃക തന്നെയാണ് കാണിക്കേണ്ടത്. സ്വലാത്ത് കൊണ്ട് തങ്ങളുടെ രാജ്യവും പ്രദേശവും ചുറ്റുപാടും നിറക്കുക.

ഇതാണ് പ്രതികരണം, തങ്ങളുടെ രാജ്യത്തെ, തങ്ങളുടെ തന്നെ സമ്പത്തിന് തീ കൊളുത്തുക എന്നത് പ്രയോജനരഹിതമായ പ്രതിപ്രവർത്തനമാണ് അതല്ലെങ്കിൽ തങ്ങളുടെ തന്നെ പൗരന്മാരെ വധിക്കുകയെന്നത്. അതല്ലെങ്കിൽ, ജാഥ നടന്നുകൊണ്ടിരിക്കുമ്പോൾ പൊലീസുകാർക്ക് നിർബന്ധിതാവസ്ഥ കാരണം തങ്ങളുടെ തന്നെ പൗരന്മാരെ വെടിവെക്കേണ്ടിവരുന്നത്. തങ്ങളുടെ തന്നെ ജനങ്ങളാണ് മരിക്കുന്നത്. പത്രങ്ങളിലൂടേയും മീഡിയയിലൂടേയും പുറത്തു വരുന്ന വാർത്തകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഭൂരിഭാഗം സദ്പ്രകൃതകാരായ പാശ്ചാത്യരും ഈ നീചപ്രവർത്തിയെ അപലപിച്ചിരിക്കുന്നു. വെറുപ്പ് പ്രകടിപ്പിച്ചിരിക്കുന്നു. അമേരിക്കയിലും ഇവിടേയും പ്രകൃതത്തിൽ നന്മയുള്ള മുസ്‌ലിംകൾ അല്ലാത്തവരും ഇതിനെ ഇഷ്ടപ്പെട്ടിട്ടില്ല. എന്നാൽ നേതാക്കന്മാർ, അവർ ഒരു ഭാഗത്ത് പറയുന്നു തെറ്റാണ് എന്നാൽ മറുഭാഗത്ത് അഭിപ്രായസ്വാതന്ത്ര്യത്തെ മറയാക്കി കൊണ്ട് ഇതിനെ പിന്താങ്ങുകയും ചെയ്യുന്നു, ഈ രണ്ട് കാഴ്ചപ്പാട് ശരിയല്ല. സ്വാതന്ത്ര്യത്തെകുറിച്ചുള്ള നിയമം ഒരു ആകാശീയ നിയമവ്യവസ്ഥയല്ല. ഞാൻ അമേരിക്കയിലെ രാഷ്ട്രീയക്കാരോട് അവരോടുള്ള പ്രസംഗത്തിൽ ഇതും പറഞ്ഞിരുന്നു. ലോകർ ഉണ്ടാക്കിയ നിയമത്തിൽ കുറവുകൾ ഉണ്ടാവാം, തെറ്റുകൾ ഉണ്ടാവാം, ചില വശങ്ങൾ നിയമം ഉണ്ടാകുമ്പോൾ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കാം. കാരണം മനുഷ്യന് അദൃശ്യജ്ഞാനമില്ല. എന്നാൽ, അല്ലാഹു ആലിമുൽ ഗൈബാണ്. അവനാൽ നിർമ്മിതമായ നിയമത്തിൽ പോരായ്മകൾ ഉണ്ടാവുന്നതല്ല. തങ്ങളുടെ നിയമങ്ങളെ കുറിച്ച് അതിൽ ഒരു മാറ്റവും സാധ്യമല്ല എന്ന് ചിന്തിക്കരുത്. അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഏതെങ്കിലും രാജ്യത്തിലെ നിയമത്തിലോ, യു.എൻ.ഒ ഹ്യൂമൻ റൈറ്റ് ചാർട്ടറിലോ മറ്റുള്ളവരുടെ മതപരമായ വിശ്വാസത്തെ വേദനിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്ന നിയമമില്ല. മറ്റുള്ള മതങ്ങളിലെ മഹാത്മാക്കളെ പരിഹസിക്കാൻ അനുവാദം ഉണ്ടാകാൻ പാടുള്ളതല്ല. ഇത് എവിടെയും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇത് മൂലം ലോകസമാധാനം നശിക്കുന്നു. ഇതു മൂലം വെറുപ്പിന്റെ ലാവ ഉയർന്നു പൊങ്ങുന്നു. ഇതു മൂലം സമുദായത്തിലും മതങ്ങൾക്കിടയിലും വിടവ് വർദ്ധിച്ച് കൊണ്ടിരിക്കുന്നു. അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ നിയമം നിർമ്മിച്ചിട്ടുണ്ടെങ്കിൽ ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിനുള്ള നിയമങ്ങൾ തീർച്ചയായും ഉണ്ടാക്കുക. എന്നാൽ മറ്റുള്ളവരുടെ വിശ്വാസങ്ങൾ കൊണ്ട് കളിക്കുന്ന നിയമങ്ങൾ ഉണ്ടാകരുത്. യു.എൻ.ഒ പരാജയപ്പെടുന്നതും ഇതു കൊണ്ടാണ്. അവർ പരാജിത നിയമങ്ങൾ നിർമ്മിച്ച് ഞങ്ങൾ വലിയ ജോലി ചെയ്തു എന്ന് ധരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ നിയമം അല്ലാഹു പറയുന്നു; മറ്റുള്ളവരുടെ ബിംബങ്ങളേയും ചീത്ത വിളിക്കരുത്, കാരണം ഇത് മൂലം സമൂഹത്തിലെ സമാധാനം നശിക്കും. നിങ്ങൾ ബിംബങ്ങളെ ചീത്തവിളിക്കുമ്പോൾ അവർ അജ്ഞത നിമിത്തം നിങ്ങളുടെ സർവ്വശക്തനായ അല്ലാഹുവിനെതിരിൽ അനുയോജ്യമല്ലാത്ത വാക്കുകൾ പ്രയോഗിക്കും. അത് മുഖേന നിങ്ങളുടെ ഹൃദയത്തിൽ ദുഃഖം ഉണ്ടാകും, ഹൃദയങ്ങളിലെ വിദ്വേഷം വർദ്ധിക്കും, കലഹങ്ങളും, കുഴപ്പങ്ങളും ഉണ്ടാകും. രാജ്യത്ത് കലാപം ഉണ്ടായിത്തീരും. ഈ മനോഹര അദ്ധ്യാപനമാണ് ഇസ്‌ലാമിന്റെ ദൈവം നൽകുന്നത്. ഈ ലോകത്തിന്റെ അല്ലാഹു നൽകുന്നത്, ഈ പ്രപഞ്ചത്തിന്റെ ദൈവം നൽകുന്നത്, ലോകത്തിന്റെ പരിഷ്കരണത്തിനും സ്നേഹം നിലനാട്ടുന്നതിനുമായി പരിപൂർണ്ണ അദ്ധ്യാപനങ്ങളോടു കൂടി തന്റെ പ്രിയപ്പെട്ട നബി മുഹമ്മദ് (സ) യെ നിയോഗിച്ച ദൈവം നൽകുന്ന അദ്ധ്യാപനം ഇതാണ്. അവൻ റസൂൽ തിരുമേനിയെ റഹ്മത്തുലിൻ ആലമീൻ എന്ന സ്ഥാനനാമം നൽകികൊണ്ട് മുഴുവൻ ലോകത്തിനും കാരുണ്യമായി നിയോഗിച്ചിരിക്കുന്നു. ലോകത്തിലെ വിദ്യാസമ്പന്നരും ഭരണാധികാരികളും, രാഷ്ട്രീയക്കാരും ചിന്തിക്കുക. ഈ ദുഷ്പ്രകൃതക്കാരെ ശക്തമായി അടിച്ചമർത്താത്തത് കൊണ്ട് നിങ്ങളും ഈ കുറ്റത്തിൽ ഭാഗാവാക്കാകുന്നില്ലേ? ലോകത്തിലെ ജനങ്ങളും ചിന്തിക്കുക, മറ്റുള്ളവരുടെ മതവികാരങ്ങളെ വൃണപ്പെടുത്തി, ഈ ഭൗതിക കീടങ്ങളും മാലിന്യത്തിൽ മുങ്ങിയവരുമായവരുടെ ഒപ്പം നിന്ന്കൊണ്ട് നിങ്ങളും ലോക സമാധാനം നശിപ്പിക്കുന്നതിൽ ഭാഗാവാക്കാകുന്നുണ്ടോ? ഞങ്ങൾ അഹ്മദി മുസ്‌ലീംകൾ ലോകത്തിന്റെ സേവനത്തിനായി ഒരു മാർഗ്ഗവും ഉപേക്ഷിക്കാറില്ല. അമേരിക്കയിൽ രക്തത്തിന് ആവശ്യം വന്നു. കഴിഞ്ഞവർഷം 12000 ബോട്ടിൽ രക്തം അഹ്മദികൾ നൽകി, ഈ വർഷം വീണ്ടും ശേഖരിച്ച് കൊണ്ടിരിക്കുകയാണ്. ഞാൻ അവരോട് പറഞ്ഞു, ഞങ്ങൾ അഹ്മദി മുസ്‌ലിംകൾ ജീവൻ നൽകുന്നതിന് വേണ്ടി ഞങ്ങളുടെ രക്തം നൽകുകയാണ് നിങ്ങൾ, നിങ്ങളുടെ ഈ പ്രവർത്തനം കൊണ്ടും, ഇത്തരം പ്രവർത്തനം ചെയ്യുന്നവർക്കൊപ്പം നിന്ന് കൊണ്ടും ഞങ്ങളുടെ ഹൃദയത്തെ മുറിവേൽപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഇതാണ് ഒരു അഹ്മദി മുസ്‌ലിമിന്റെ,ഒരു യഥാർത്ഥ മുസ്‌ലിമിന്റെ പ്രതികരണം. ഇതാണ് ഞങ്ങൾ നീതി നിലനാട്ടുന്നവരാണ് എന്ന് വാദിക്കുന്ന ഇവരുടെ ഒരു വിഭാഗത്തിന്റെ പ്രവർത്തനം. മുസ്‌ലിംകൾ തെറ്റ് ചെയ്യുകയാണ് എന്ന് ആരോപിക്കുന്നു. അത് ശരിയാണ്, ചില പ്രതിപ്രവർത്തനങ്ങൾ തെറ്റ് തന്നെയാണ്, പൊളിക്കുകയും അടിക്കുകയും സംഘർഷവും ഘെരാവ് ചെയ്യുന്നതും നിഷ്കളങ്കരെ വധിക്കുന്നതും, എംബസികളെ സംരക്ഷിക്കാതിരിക്കുന്നതും അവരെ വധിക്കുകയും അടിക്കുകയും ചെയ്യുന്നത് ഇതെല്ലാം തെറ്റാണ്. എന്നാൽ അല്ലാഹുവിന്റെ നിഷ്കളങ്കരായ നബിമാരെ പരിഹസിക്കുന്നവരും ചീത്തവിളിക്കുന്നതും വലിയ പാപമാണ്, തെറ്റാണ്. കഴിഞ്ഞ ദിവസം ഇതെല്ലാം കണ്ട് ഫ്രാൻസിലെ ഒരു മാസികക്കും ആവേശം ഉണ്ടായി, അവരും ഒരു നീചമായ കാർട്ടൂൺ പ്രസിദ്ധീകരിച്ചു. ഇത് മുമ്പത്തേക്കാൾ നീചമായിട്ടുള്ളതാണ്. ഈ ഭൗതീകർ ലോകമാണ് എല്ലാം എന്ന് ധരിക്കുന്നു. എന്നാൽ ഈ ലോകം തന്നെയാണ് അവരുടെ നാശത്തിനുള്ള മാർഗ്ഗം എന്ന് മനസിലാക്കുന്നില്ല.

ഇവിടെ ഇത് കൂടി പറയാൻ ആഗ്രഹിക്കുന്നു, ലോകത്തിലെ ഒരു വലിയ ഭാഗത്ത് മുസ്‌ലിം ഭരണമാണ് നിലനിൽക്കുന്നത്. ലോകത്തിന്റെ ഒരു വലിയ ഭാഗം മുസ്‌ലിംകളുടെ അധീനതയിലാണ്, മുസ്‌ലിം രാജ്യങ്ങൾക്ക് അല്ലാഹു പ്രകൃതി വിഭവങ്ങളും നൽകിയിട്ടുണ്ട്. മുസ്‌ലിം രാജ്യങ്ങൾ യു.എൻ.ഒ യുടെ ഭാഗവും ആണ്. വിശുദ്ധഖുർആൻ പരിപൂർണ്ണ ജീവിത മാർഗ്ഗരേഖയാണ്, അവർ ഇതിൽ വിശ്വസിക്കുന്നവരും, ഇത് ഓതുന്നവരുമാണ് എന്ത് കൊണ്ട് ഈ മനോഹര അദ്ധ്യാപനത്തെ എല്ലാ മേഖലകളിലും പ്രകടമാക്കുന്നതിന് മുസ്‌ലിം ഭരണാധികാരികൾ ശ്രമിച്ചില്ല. എന്ത് കൊണ്ട് വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ലോകത്തിന്റെ മുന്നിൽ ഈ കാര്യം വ്യക്തമാക്കിയില്ല. മതവികാരങ്ങൾ കൊണ്ട് കളിക്കുന്നതും അല്ലാഹുവിന്റെ നബിമാരെ അപമാനിക്കാൻ ശ്രമിക്കുന്നതും, ഇതും ഒരു കുറ്റമാണ്. ഇത് വലിയ ഒരു കുറ്റവും പാപവുമാണ്. ഇത് ലോകത്തിന്റെ സമാധാനത്തിനും അനിവാര്യമാണ് ഇതും യു.എൻ.ഒ യുടെ സമാധാന ചാർട്ടിൽ ഉൾപ്പെടുത്തുക. മതകാര്യം അതായത് ഒരു ഭരണാധികാരിയും തന്റെ പൗരന് മറ്റുള്ളവരുടെ മതവികാരങ്ങൾ കൊണ്ട് കളിക്കാൻ അനുവാദം നൽകുന്നതല്ല. സ്വതന്ത്ര ചിന്താഗതിയുടെ പേരിൽ ലോകസമാധാനം നശിപ്പിക്കാൻ അനുവദിക്കുന്നതല്ല. എന്നാൽ വേദനകരമെന്ന് പറയട്ടെ ഇത്ര കാലമായിട്ടും ഇതെല്ലാം തന്നെ

യാണ് നടന്ന് കൊണ്ടിരിക്കുന്നത്. റസൂൽ തിരുമേനിയുടേയും മറ്റുള്ള എല്ലാ പ്രവാചകൻമാരുടേയും അഭിമാനത്തെ കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്താൻ ഒരിക്കൽ പോലും മുസ്‌ലിം രാജ്യങ്ങളുടെ ഒരുമിച്ചുള്ള ശ്രമം ഉണ്ടായിട്ടില്ല. അന്താരാഷ്ട്ര തലത്തിൽ ഈ കാര്യം അംഗീകരിപ്പിക്കണം, യു.എൻ.ഒ യുടെ മറ്റു നിയമങ്ങളെ പോലെ ഇതും, പ്രാവർത്തികമാകുകയില്ല. മുമ്പുള്ള ഏത് സമാധാന ചാർട്ടനുസരിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഏതായാലും ഒരു കാര്യം രേഖയിൽ വരുമായിരുന്നു. ഒ ഐ സി ഉണ്ട്, (ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക്ക് കൺട്രീസ്) മുസ്‌ലിംകളുടെ സ്ഥാനം ഉയരുന്നതിന് വേണ്ടി, ഇവർ മുഖേന ഒരു ശക്തമായ ശ്രമവും ഉണ്ടായിട്ടില്ല. മുസ്‌ലിം രാജ്യങ്ങളിലെ ഭരണാധികാരികൾ തങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിനായി എല്ലാ വിധത്തിലുള്ള ശ്രമങ്ങളുമാണ് നടത്തുന്നത്. ദീനിന്റെ മഹത്വത്തെ കുറിച്ച് ഒരു ചിന്തയുമില്ല. അഥവാ നമ്മുടെ നേതാക്കന്മാരുടെ ഭാഗത്ത് നിന്ന് ശക്തമായ ശ്രമങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് പാക്കിസ്ഥാനിലും മറ്റു രാജ്യങ്ങളിലും ഉള്ളത് പോലെ പൊതുജനങ്ങളുടെ ഈ തെറ്റായ പ്രതിപ്രവർത്തനവും ഉണ്ടാകുമായിരുന്നില്ല. അവർക്ക് അറിയാം ഇതിന് ഞങ്ങളുടെ നേതാക്കന്മാരുണ്ട്. റസൂൽ തിരുമേനി (സ) യുടെ അഭിമാനം നിലനിർത്തുന്നതിനായി, എല്ലാ പ്രവാചകന്മാരുടേയും അഭിമാനം നിലനിർത്തുന്നതിനായി അവർ ഇത് പൂർണ്ണ ഉത്തരവാദിത്വത്തോട് കൂടി ചെയ്യും. ലോകത്തിന്റെ മുന്നിൽ ഇവർ പറയുന്നത് സത്യം യാഥാർഥ്യവുമാണ് എന്ന രൂപത്തിൽ എഴുന്നേൽക്കും. പാശ്ചാത്യരാജ്യങ്ങളുടെ ഒരു വലിയ ഭാഗത്ത് മുസ്‌ലിംകളുടെ അംഗസംഖ്യയുണ്ട്, ലോകത്ത് മുസ്‌ലിംകൾ രണ്ടാമത്തെ വലിയ ശക്തിയാണ് മതപരമായും അംഗസംഖ്യയുടെ കാര്യത്തിലും, അഥവാ അല്ലാഹുവിന്റെ കൽപനയനുസരിച്ച് ചരിക്കുകയാണെങ്കിൽ ഇവർ എല്ലാ വിധത്തിലും ഏറ്റവും വലിയ ശക്തിയായിരിക്കും. അങ്ങനെയാണെങ്കിൽ ഇസ്‌ലാം വിരുദ്ധ ശക്തികൾക്ക് ഒരിക്കലും തന്നെ ഇത്തരത്തിലുള്ള ഹൃദയവേദനയുണ്ടാക്കുന്ന കാര്യം സൃഷ്ടിക്കാൻ സാധിക്കുമായിരുന്നില്ല. അവർക്ക് അത് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. ഏതായിരുന്നാലും മുസ്‌ലിം രാജ്യങ്ങളെ കൂടാതെ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും മുസ്‌ലിംകളുടെ ഒരു വലിയ വിഭാഗം ഉണ്ട്. യൂറോപ്പിൽ മില്ല്യൺ കണക്കിന് തുർക്കികൾ മാത്രം വസിക്കുന്നുണ്ട്. അതുപോലെ തന്നെ മറ്റു മുസ്‌ലിം സമുദായങ്ങളും ഇവിടെ വസിക്കുന്നുണ്ട്. ഏഷ്യയിൽ നിന്ന് മുസ്‌ലിംകൾ ഇവിടെ വരുന്നുണ്ട്, യു കെയിലും താമസിക്കുന്നുണ്ട്. അമേരിക്കയിലും കാനഡയിലും ഉണ്ട് യൂറോപ്പിലെ ഓരോ പ്രദേശങ്ങളിലും വസിക്കുന്നുണ്ട്. അഥവാ ഇവർ എല്ലാവരും മത്സഹിഷ്ണത പുലർത്തുന്ന രഷ്ട്രീയക്കാർക്ക് മാത്രമേ വോട്ട് നൽകുകയുള്ളു എന്ന് തീരുമാനിച്ചാൽ, നാവ് കൊണ്ട് പറയുക മാത്രമല്ല പ്രവർത്തന തലത്തിൽ കൊണ്ടു വന്നാൽ ഈ ഭൗതിക ഭരണാധികാരികളിൽ നിന്ന് ഒരു വിഭാഗം ഇത്തരത്തിൽ അനാവശ്യം പുലമ്പുകയും അനാവശ്യ ചലചിത്രങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നവർക്കെതിരിൽ, ഈ അനാവശ്യത്തിനെതിരിൽ തുറന്ന നിലയിൽ അഭിപ്രായം പ്രകടിപ്പിക്കുന്നവരായി തീരുമായിരുന്നു. മുസ്‌ലിംകൾ അഥവാ തങ്ങളുടെ പ്രധാന്യം മനസിലാക്കിയാൽ ലോകത്ത് ഒരു വിപ്ലവം സംജാതമാകും. രാജ്യങ്ങൾക്കകത്ത് മതവികാരങ്ങളെ അംഗീകരിക്കുന്നതിനെ കുറിച്ചുള്ള നിയമങ്ങൾ നിർമ്മിക്കാൻ സാധിക്കും. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ ഈ ഭാഗത്തേക്ക് ശ്രദ്ധയില്ല. ഇതിലേക്ക് ശ്രദ്ധിപ്പിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്നതിൽ അരമുറുക്കിയിരിക്കുകയാണ്. അങ്ങനെ ശത്രുക്കളുടെ കരങ്ങളെ ശക്തിപ്പെടുത്തുന്നു. അല്ലാഹു മുസ്‌ലിം നേതാക്കൻമാർക്കും, രാഷട്രീയക്കാർക്കും, പണ്ഡിതന്മാർക്കും ബുദ്ധി നൽകട്ടെ. അവർ തങ്ങളുടെ ശക്തിയെ ദൃഢപ്പെടുത്തട്ടെ. തങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നവരായിത്തീരട്ടെ. തങ്ങളുടെ അദ്ധ്യാപനങ്ങളിലേക്ക് ശ്രദ്ധിക്കുന്നവരായിത്തീരട്ടെ

റസൂൽ തിരുമേനിയിൽ അനാവശ്യ ആരോപണങ്ങൾ ഉന്നയിക്കുന്നവർ, ഈ ചലചിത്രം നിർമ്മിച്ചവർ, ഇതിൽ പ്രവർത്തിച്ചവർ, ഇവരുടെ സ്വഭാവ നിലവാരം ഇവരെ കുറിച്ച് മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളിൽ നിന്ന് മനസിലാക്കാൻ സാധിക്കും. പറയുന്നത് ഇതിൽ വലിയ പങ്ക് അമേരിക്കയിൽ താമസിക്കുന്ന ഒരു കൃസ്ത്യാനിയുടേതാണ്. ലാസിലേ, എന്നോ മറ്റോ ആണ് ഇയാളുടെ പേര് സാം സസിൻ എന്ന് പറയപ്പെടുന്നു. ഏതായിരുന്നാലും ഇയാളെ കുറിച്ച് പറയുന്നു ഇയാളുടേത് ക്രിമിനൽ പശ്ചാത്തലമാണ്, ഇയാൾ കുറ്റവാളിയാണ്. ഫ്രോഡ് കാരണം 2010 ൽ ജയിലിലടിച്ചു. ഫിലിം ഡയറക്റ്റ് ചെയ്ത രണ്ടാമൻ ഇയാൾ പോണോഗ്രാഫി ഫിലിംസിന്റെ സംവിധായകനാണ്, ഇതിൽ ഉൾപ്പെട്ട ആക്ടർമാർ എല്ലാം പോണോഗ്രാഫി സിനിമകളിലെ ആക്ടർമാരാണ്. ഇതാണ് ഇവരുടെ സ്വഭാവത്തിന്റെ നിലവാരം. പോണോ ഗ്രാഫി ഫിലിമിന്റെ പരിധി മനുഷ്യന് ചിന്തിക്കാൻ പോലും സാധ്യമല്ല. ഇതിൽ മുങ്ങിയവരാണ് ഇവർ. എന്നിട്ട് ഉന്നത സ്വഭാവഗുണത്തെ കുറിച്ചും പരിശുദ്ധിയെ കുറിച്ചും അല്ലാഹു സാക്ഷ്യം പറഞ്ഞ വ്യക്തിയെ ആക്ഷേപിക്കാൻ പുറപ്പെട്ടിരിക്കുന്നു. ഈ നികൃഷ്ട കർമ്മം ചെയ്ത് കൊണ്ട് ഇവർ തീർച്ചയായും അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ച് വരുത്തിയിരിക്കുന്നു, ക്ഷണിച്ച് കൊണ്ടിരിക്കുന്നു, അതുപോലെ തന്നെ ഈ ചിത്രത്തെ സ്പോൺസർ ചെയ്യുന്നവരും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയില്ല. ഇതിൽ തന്റെ വില കുറഞ്ഞ പ്രശസ്തിക്ക് വേണ്ടി അമേരിക്കയിൽ വിവിധ അവസരങ്ങളിൽ ഖുർആൻ കത്തിക്കാൻ ശ്രമിച്ച പാതിരിയും ഉൾപ്പെടുന്നു.

(അല്ലാഹുമ്മമസ്സിക്കഹും*******************തസ്ഹൂക്ക )

മാധ്യമങ്ങളിൽ ചിലത് അപലപിക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടെ തന്നെ മാധ്യമങ്ങളുടെ പ്രതിപ്രവർത്തനങ്ങളും അപലപിച്ചിട്ടുണ്ട്. ശരിയാണ് തെറ്റായ പ്രതികരണത്തെ അപലപിക്കണം. എന്നാൽ ഇത് കൂടി നോക്കണം, തുടക്കം ആരിൽ നിന്നാണ്. ഏതായിരുന്നാലും ഇത് മുസ്‌ലിംകളുടെ നിർഭാഗ്യമാണ്, ഇത് എല്ലാം തന്നെ മുസ്‌ലിംകൾക്ക് ഐക്യം ഇല്ലാത്തത് കൊണ്ടും നേതാവ് ഇല്ലാത്തത് കൊണ്ടും ആണ് ഉണ്ടാകുന്നത്. പ്രവാചക സ്നേഹത്തിന്റെ വാദം ഉണ്ടെങ്കിലും ദീനിൽ നിന്ന് ഇവർ വിദൂരത്തിലാണ്. വാദം തീർച്ചയായും ഉണ്ട്. എന്നാൽ ദീനിനെ കുറിച്ച് അറിവ് ഒന്നും തന്നെയില്ല. ഭൗതികമായ നിലയിലും ബലഹീനരായി കൊണ്ടിരിക്കുന്നു. ഒരു മുസ്‌ലിം രാജ്യവും ശക്തമായ നിലയിൽ പ്രതികരിച്ചിട്ടില്ല. അഥവാ പ്രതികരിച്ചിട്ടുണ്ടെങ്കിൽ തന്നെ ഇത്ര മാത്രം ബലഹീനമായ നിലയിൽ ഏതുവരെയെന്നാൽ മാധ്യമങ്ങൾ അതിന് ഒരു പ്രാധാന്യവും നൽകിയില്ല. അഥവാ മുസ്‌ലിംകൾ ശക്തമായി പ്രതികരിച്ചിരുന്നുവെങ്കിൽ 1.8മില്ല്യൺ വരുന്ന മുസ്‌ലിംകൾ കുട്ടികളെ പോലെ പ്രതീകരിക്കുമായിരുന്നില്ല. നോക്കാൻ ആരും തന്നെ ഇല്ല എങ്കിൽ പിന്നെ എല്ലാവരും അവിടെ ഇവിടെ കറങ്ങി നടക്കുന്നവരായിരിക്കും. പ്രതികരണം കുട്ടികളെ പോലെ തന്നെയാണ്. അതു കൊണ്ട് പരിഹസിക്കുകയും ചെയ്തു. യാഥാർത്ഥ്യം പറയുകയും ചെയ്തു. ഇനിയെങ്കിലും ലജ്ജിക്കുന്നവരായി അല്ലാഹു മുസ്‌ലിംകളെ തീർക്കുമാറാകട്ടെ. ദീനിപരമായ കണ്ണുകൾക്ക് അന്ധത ബാധിച്ച ഇവർ, പ്രവാചകന്മാരുടെ സ്ഥാനത്തെ കുറിച്ച് ഒന്നും തന്നെ അറിയാത്ത ഇവർ, ഇവർ (ഹ)ഈസാ(അ)ന്റെ സ്ഥാനം ഇകഴ്ത്തുമ്പോഴും മിണ്ടാതിരിക്കും. ഇവർക്ക് റസൂൽ തിരുമേനിക്ക് വേണ്ടിയുള്ള മുസ്‌ലിംകളുടെ വികാരങ്ങളുടെ പ്രതിപ്രവർത്തനം കുട്ടികളുടെ പ്രതിപ്രവർത്തനമായി തോന്നിയേക്കാം. ഏതായിരുന്നാലും ഇനിയും ആർക്കും ഈ വിധത്തി

ലുള്ള നികൃഷ്ടകർമ്മത്തിന് ധൈര്യം ഉണ്ടാകാതിരിക്കാൻ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാൻ.ഒരു ശക്തമായ പ്രവർത്തനരൂപരേഖ ഉണ്ടാക്കാൻ 2006ൽ ഞാൻ പറഞ്ഞിരുന്നു. മുസ്‌ലിം രാജ്യങ്ങൾക്ക് ഇതിലേക്ക് ശ്രദ്ധ ഉണ്ടായിരുന്നെങ്കിൽ. അവരിലേക്ക് എത്തുമെങ്കിൽ ഈ സന്ദേശം എത്തിക്കാൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. നാല് ദിവസം പ്രതികരിച്ച് ഇരുന്നു പോയാൽ ഈ പ്രശ്നം അവസാനിക്കുകയില്ല.

ഈ ഒരു അഭിപ്രായം എവിടെ നിന്നോ വന്നു, ജനങ്ങൾ അഭിപ്രായം അയച്ച് കൊണ്ടിരിക്കുന്നു. ലോകത്തിലെ എല്ലാ മുസ്‌ലിം വക്കീൽമാരും ഒരുമിച്ച് കൊണ്ട് പെറ്റിഷൻ നൽകുക. അന്താരാഷ്ട്രതലത്തിൽ സ്ഥാനമുള്ള മുസ്‌ലിം വക്കീൽമാർ ഈ കാര്യത്തെ കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ ഇതിനെ കുറിച്ച് ഇത് സാധ്യമാണോ എന്നതിനെ കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ. അതല്ല മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തിയിരുന്നെങ്കിൽ ഏതുവരേ ഇത്തരത്തിലുള്ള നികൃഷ്ടകർമ്മങ്ങൾ കണ്ട് കൊണ്ടിരിക്കും. ഏതു വരെ തങ്ങളുടെ രാജ്യത്ത് പ്രതിപ്രവർത്തനവും കലാപങ്ങളും ഉണ്ടാക്കി ഒതുങ്ങി കൂടും.ഈ പാശ്ചാത്യരാജ്യങ്ങൾക്ക് ഈ രാജ്യങ്ങളിലെ നിഷ്കളങ്കരെ ആക്രമിച്ചാൽ അതല്ലെങ്കിൽ ബുദ്ധിമുട്ടിക്കാൻ ശ്രമിച്ചാൽ, അതല്ലെങ്കിൽ വധിക്കാൻ ശ്രമിച്ചാൽ എംബസികളെ ആക്രമിച്ചാൽ ഒരു പ്രതികരണവും ഉണ്ടാകുന്നതല്ല. അല്ലെങ്കിൽ അത് ഉണ്ടാക്കിയവരിലും ഒരു സ്വാധീനവും ഉണ്ടാകുന്നതല്ല. ഇതെല്ലാം ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഇതിന് ഇസ്‌ലാം ഒരിക്കലും അനുവാദം നൽകുന്നില്ല. റസൂൽ തിരുമേനിയുടെ വ്യക്തിത്വത്തിൽ സ്വയം ആരോപണം ഉന്നയിക്കാൻ അവസരം ഉണ്ടാക്കുകയായിരിക്കും ചെയ്യുന്നത്. തീവ്രവാദം ഇതിന് മറുപടിയല്ല. ഇതിനുള്ള മറുപടി ഞാൻ ഇതുവരേ പറഞ്ഞത് തന്നെയാണ് തങ്ങളുടെ പ്രവർത്തികളെ പരിഷ്കരിക്കുക. മനുഷ്യകുലത്തിന്റെ മോക്ഷദാദാവായ ആ നബിക്ക് സ്വലാത്തും സലാമും ചെല്ലുക. ഭൗതികപരിശ്രമത്തിനായി മുസ്‌ലിം രാജ്യങ്ങൾ ഒന്നായിരിക്കുക. പാശ്ചാത്യരാജ്യങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾ തങ്ങളുടെ വോട്ടിന്റെ ശക്തി ഉപയോഗിക്കുക. ഏതായിരുന്നാലും ജമാഅത്ത് അംഗങ്ങൾ എവിടെയാണോ അവിടങ്ങളിൽ ഈ രീതിയിൽ പ്രവർത്തിക്കുക. തങ്ങളുടെ മറ്റു സഹോദരങ്ങളുടേയും ഈ മാർഗ്ഗത്തിൽ ചരിപ്പിക്കാൻ പരിശ്രമിക്കുക. തങ്ങളുടെ ശക്തി ഉപയോഗിക്കുക. ഈ രാജ്യങ്ങളിൽ ഉള്ളവർ വോട്ടിന്റെ ശക്തി ഉപയോഗിക്കുക. റസൂൽ തിരുമേനിയുടെ ജീവിതത്തിന്റെ മനോഹരദൃശ്യം ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കുക. ഇന്ന് ഇവർ ചിന്താസ്വാതന്ത്രത്തിന് വേണ്ടി ശബ്ദിച്ച് കൊണ്ടിരിക്കുകയാണ്. പറയുന്നു, ഇസ്‌ലാമിൽ ചിന്താസ്വാതന്ത്ര്യത്തിനോ പറയാനോ ഉള്ള സ്വാതന്ത്ര്യമില്ല. ഉദാഹരണമായി അവർ ഇന്നത്തെ മുസ്‌ലിം ലോകത്തെ നൽകുന്നു, പറയുന്നു; മുസ്‌ലിം രാജ്യങ്ങളിൽ അവിടുത്തെ പൗരൻമാർക്ക് സ്വാതന്ത്ര്യമില്ല. അങ്ങനെ ലഭിക്കുന്നില്ല. എങ്കിൽ ആ രാജ്യങ്ങളുടെ നിർഭാഗ്യവസ്ഥയാണ്. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നില്ല. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് ഇതുമായി യാതൊരു ബന്ധവും ഇല്ല. നമുക്ക് ചരിത്രത്തിൽ നിന്ന് റസൂൽ തിരുമേനിയോട് ജനങ്ങൾ യാതൊരു ഭയവുമില്ലാതെ സംസാരിച്ചതിനും, എന്നല്ല ബഹുമാനവും ആദരവും കാറ്റിൽ പറത്തികൊണ്ട് സംസാരിച്ചതായി കാണാം, ഇതെല്ലാമായിട്ടും റസൂൽ തിരുമേനിയുടെ സഹനവും ക്ഷമയും സ്ഥൈര്യത്തിന്റെയും ലോകത്തിൽ ഉദാഹരണങ്ങൾ കാണാൻ സാധിക്കാത്ത സംഭവങ്ങൾ ലഭിക്കുന്നതാണ്. ഞാൻ ഏതാനും ഉദാഹരണങ്ങൾ കേൾപ്പിക്കാം. ഇത് റസൂൽ തിരുമേനിയുടെ ദാനധർമ്മത്തിന്റെ സംഭവങ്ങളായിട്ടാണ് പറയാറുള്ളത്. എന്നാൽ ഈ സംഭവങ്ങൾ ഇതിൽ അനാദരവ് പ്രകടിപ്പിച്ചതും കാണാൻ സാധിക്കുന്നതാണ്,

(ഹ) ജുബൈർ ബിൻ, മഉ്നം നിവേദനം ചെയ്യുന്നു. എന്നോടു പറഞ്ഞു; ഒരിക്കൽ അദ്ദേഹം റസൂൽ തിരുമേനിയോടൊപ്പമായിരുന്നു. അദ്ദേഹത്തോടൊപ്പം മറ്റു ചിലരും ഉണ്ടായിരുന്നു. റസൂൽ തിരുമേനി ഹുനൈനിൽ നിന്ന് വരികയായിരുന്നു. ഗ്രാമീണരായ അറബികൾ റസൂൽ തിരുമേനിക്ക് ചുറ്റും കൂടി. ചോദിച്ച് കൊണ്ടിരുന്നു. ഏതുവരെ എന്നാൽ അവർ അദ്ദേഹത്തെ ഒരു ബഗൂലിന്റെ അരികിലേക്ക് നീങ്ങാൻ നിർബന്ധിച്ചു, അതിന്റെ മുകളിൽ അദ്ദേഹത്തിന്റെ പുതപ്പ് കുടുങ്ങിപോയി. റസൂൽ (സ) നിന്നു, എന്നിട്ട് പറഞ്ഞു എന്റെ പുതപ്പ് എനിക്ക് തരൂ. അഥവാ എന്റെ പക്കൽ ഈ കാട്ടുവൃക്ഷത്തിന്റെ ഇലയോളം ഒട്ടകങ്ങൾ ഉണ്ടായിരുന്നെങ്കിൽ അതു ഞാൻ നിങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങൾ എന്നെ പിശുക്കനോ കള്ളവാദിയോ ഭീരുവോ ആയി കാണുമായിരുന്നില്ല. മറ്റൊരു രിവായത്ത് (ഹ) അനസ്(റ) ന്റേതാണ് പറയുന്നു; ഞാൻ റസൂൽ തിരുമേനിക്ക് ഒപ്പമായിരുന്നു, അവിടുന്ന് ഒരു തടി കൂടിയ കരയുള്ള പുതപ്പ് പുതച്ചിരുന്നു, ഒരു ഗ്രാമീണനായ അറബി ഈ പുതപ്പ് ഇത്രമാത്രം ശക്തമായ നിലയിൽ വലിച്ചു. അതിന്റെ കരകളുടെ അടയാളം അവിടുത്തെ കഴുത്തിൽ കണപ്പെട്ടു. എന്നിട്ട് അയാൾ പറഞ്ഞു ഓ മുഹമ്മദ് (സ) അല്ലാഹു താങ്കൾക്ക് നൽകിയിരിക്കുന്ന ഈ സമ്പത്തിൽ നിന്ന് എന്റെ ഒട്ടകങ്ങളിലും കുറച്ച് വെച്ചാലും കാരണം, താങ്കൾ എനിക്ക് താങ്കളുടെ സമ്പത്തിൽ നിന്നോ താങ്കളുടെ പിതാവിന്റെ സമ്പത്തിൽ നിന്നോ തരുന്നതല്ല. ആദ്യം നബികരീം (സ) നിശബ്ദനായി ഇരുന്നു. പിന്നീട് പറഞ്ഞു, അൽ മാലു ലില്ലാഹി അന അബ്ദുഹു (സമ്പത്ത് അല്ലാഹുവിന്റേതാണ് ഞാൻ അവന്റെ ദാസനാണ്) പിന്നീട് അവിടുന്നു പറഞ്ഞു, എന്നെ ബുദ്ധിമുട്ടിച്ചതിന് നിന്നോട് പകരം ചോദിക്കും, ആ ഗ്രാമീണൻ പറഞ്ഞു, സാധ്യമല്ല റസൂൽ തിരുമേനി(സ) ചോദിച്ചു. എന്ത് കൊണ്ട് നിന്നോട് പകരം ചോദിക്കാൻ കഴിയില്ല. ആ പ്രാചീനർ പറഞ്ഞു, കാരണം താങ്കൾ തിന്മക്ക് പകരം തിന്മ ചെയ്യുകയില്ല. ഇത് കേട്ട് നബികരീം (സ) ചിരിച്ചു. പിന്നീട് അവിടുന്ന് പറഞ്ഞു ഇയാളുടെ ഒരു ഒട്ടകത്തിൽ കാരക്ക വെച്ച് കെട്ടിയാലും. ഇതാണ് ക്ഷമയുടെയും സഹനത്തിന്റെയും റസൂൽ തിരുമേനിക്ക് ഉണ്ടായിരുന്ന സ്ഥാനം. ഇത് സ്വന്തം ആളുകളോട് മാത്രമല്ല ശത്രുക്കളോടും ഉണ്ടായിരുന്നു. ഇതാണ് ആ ഉന്നത സ്വഭാവഗുണം. ദാനധർമ്മത്തിന്റേയും സഹനത്തിന്റേയും ക്ഷമയുടെയും പ്രകടനമുണ്ട്. ഈ ആരോപണങ്ങൾ ഉന്നയിക്കുന്നവർ അറിവില്ലാത്തത് കാരണം എഴുന്നേൽക്കുകയും ആരോപണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ആ റഹ്മത്തുൻലിൽ ആലമീനെ കുറിച്ച് പറയുന്നു അദ്ദേഹം ക്രൂരത കാണിച്ചു അങ്ങനെയായിരുന്നു ഇങ്ങനെയായിരുന്നു എന്നെല്ലാം

പിന്നീട് വിശുദ്ധ ഖുർആനെ കുറിച്ചുള്ള ആരോപണമാണ്, ഇതും ഈ ഫിലിമിൽ ഉണ്ട്, ഞാൻ ഇത് കണ്ടിട്ടില്ല, ആളുകളിൽ നിന്ന് കേൾക്കാൻ സാധിച്ചു. ഈ വിശുദ്ധഖുർആൻ ആദ്യത്തെ വഹി ലഭിച്ചതിന് ശേഷം (ഹ) ഖദീജ (റ) തന്റെ പിതൃസഹോദരന്റെ അടുത്ത് റസൂൽ തിരുമേനിയെ കൊണ്ട് പോയിരുന്നു. വർഖബിനു നൗഫലിന്റെ പക്കൽ. അദ്ദേഹമാണ് ഈ ഖുർആൻ എഴുതി നൽകിയതെന്ന്. നിഷേധികൾ അവിടുത്തെ ജീവിതത്തിൽ ഈ ആരോപണങ്ങളാണ് ഉന്നയിച്ചിരുന്നത്. നീ എന്ത് കൊണ്ടാണ് ഈ ഖുർആൻ ഭാഗങ്ങളായി അവതരിപ്പിക്കുന്നത്, ഒരുമിച്ച് എന്തു കൊണ്ട് അവതരിപ്പിക്കുന്നില്ല. ഈ പാവങ്ങൾ അറിവില്ലാത്തവരാണ്. ചരിത്രവുമായി ഇവർക്ക് പുലബന്ധം പോലുമില്ല. ഇത് നിർമ്മിച്ചവർ ഇങ്ങനെ തന്നെയാണ്. എന്നാൽ ഇതിൽ ഉൾപ്പെട്ട ഏതാനും പാതിരിമാർ ഉണ്ട്. അവർ തങ്ങൾ സ്വയം അറിവുള്ളവരാണ് എന്നാണ് ധരിക്കാറുള്ളത്. അവരും വിജ്ഞാനപരമായി അജ്ഞരാണ്. വറഖബിനു നൗഫൽ ഇതാ

യിരുന്നു പറഞ്ഞിരുന്നത്. നിന്നെ നിന്റെ സമുദായം രാജ്യത്ത് നിന്ന് പുറത്താക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നെങ്കിൽ. കുറച്ച് കാലത്തിന് ശേഷം അദ്ദേഹം വഫാത്തായി. പിന്നീട് ഈ പാതിരിക്ക് ചരിത്രവുമായും, യാഥാർത്ഥ്യവുമായും യാതൊരു ബന്ധവുമില്ല. ഓറിയന്റ്ലിസ്റ്റു കൾ വിശുദ്ധഖുർആന്റെ ഈ സൂറത്ത് എവിടെ ഇറങ്ങി എന്നതിനെക്കുറിച്ച് ഒരുപാട് വാദവിവാദങ്ങൾ നടത്തിയിട്ടുണ്ട്. മദീനയിലാണോ, മക്കയിലാണോ ഇറങ്ങിയത് എന്നതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. എന്നിട്ട് പറയുന്നു അയാൾ ഇത് എഴുതി നൽകിയതാണ്. വിശുദ്ധഖുർആൻ സ്വയം വെല്ലുവിളിക്കുന്നത്, എഴുതിയതാണ് എങ്കിൽ അതുപോലുള്ള ഒരു സൂറത്തെങ്കിലും കൊണ്ടു വരിക. എന്നാണ്

പിന്നീട് വികാരത്തെ ബഹുമാനിക്കുന്ന ചോദ്യം ഉയരുന്നു. അതിലും റസൂൽ തിരുമേനിയോട് കിട പിടിക്കാൻ ആരും തന്നെയില്ല. താൻ എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണ് എന്ന് അറിവുണ്ടായിട്ടുപ്പോലും യഹൂദിയുടെ വികാരത്തെ മാനിച്ചുകൊണ്ട് അവിടുന്നു പറയുന്നു, എനിക്ക് മൂസയെക്കാൾ ശ്രേഷ്ഠത കൽപ്പിക്കരുത്. ദരിദ്രരുടെ വികാരത്തെ മാനിച്ചുകൊണ്ട് അവരുടെ സ്ഥാനത്തിന് അവിടുന്ന് ഇപ്രകാരം ബഹുമാനം നൽകുകയുണ്ടായി. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു സമ്പന്ന സഹാബി മറ്റുള്ളവരിൽ തന്റെ ശ്രേഷ്ഠത പ്രകടിപ്പിക്കുമായിരുന്നു. റസൂൽ തിരുമേനി ഇത് കേട്ട് പറഞ്ഞു, നിനക്ക് ഈ സമ്പത്തും കഴിവും ശക്തിയും നിന്റെ കൈ കരുത്ത് കൊണ്ടാണ് ലഭിച്ചത് എന്ന് നീ ധരിക്കുന്നുവോ, അങ്ങനെയല്ല നിന്റെ സാമൂഹിക ശക്തിയും സാമ്പത്തിക ശക്തിയും ദരിദ്രരിലൂടെയാണ് ഉണ്ടാകുന്നത്. ഈ സ്വതന്ത്ര്യവാദികൾ ഇന്ന് ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പരിശ്രമിക്കുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യുന്നു. എന്നാൽ റസൂൽ തിരുമേനി (സ) ഇന്നേക്ക് 1400 വർഷങ്ങൾക്ക് മുമ്പ് ഈ അവകാശങ്ങൾ തൊഴിലാളികളുടെ വേദനം അവന്റെ വിയർപ്പ് വറ്റുന്നതിന് മുമ്പ് നൽകുക എന്ന് പറഞ്ഞുകൊണ്ട് നൽകുകയുണ്ടായി. ഈ മനുഷ്യസ്നേഹിയുമായി അവർക്ക് എവിടെ മത്സരിക്കാൻ സാധിക്കും. ഒരുപാട് സംഭവങ്ങൾ ഉണ്ട്. സ്വഭാവ ഗുണത്തിന്റെ ഏത് വശം എടുത്താലും അതിന്റെ ഉന്നത മാതൃക റസൂൽ തിരുമേനിയുടെ വ്യക്തിത്വത്തിൽ കാണാൻ സാധിക്കും. ഇനി ഒന്നും കിട്ടിയില്ല എങ്കിൽ അദ്ദേഹത്തിന് സ്ത്രീകളെ വളരെ ഇഷ്ടമായിരുന്നു എന്ന ആരോപണം ഉന്നയിക്കപ്പെടുന്നു. വിവാഹത്തെക്കുറിച്ച് ആരോപണം നടത്തുന്നു. അല്ലാഹുവിന് അറിയുമായിരുന്നു, ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകും. അതു കൊണ്ട് തന്നെ ചില സംഭവങ്ങൾ ഉണ്ടാക്കി അതിനുള്ള മറുപടിയും നൽകി

അസ്മ ബിൻത് നുഅ്മാൻ ബിൻ അബി ഹുറം നെക്കുറിച്ച് പറയുന്നു, അവർ അറേബ്യയിലെ ഏറ്റവും സുന്ദരിയായ സ്ത്രീകളിൽപെട്ട ആളായിരുന്നു.അവർ മദീനയിൽ വന്നപ്പോൾ സ്ത്രീകൾ പോയി കണ്ടു, എല്ലാവരും വളരെയധികം പ്രശംസിച്ചു. ഇത്ര മനോഹരിയായ സ്ത്രീയെ ഞങ്ങൾ ജീവിതത്തിൽ കണ്ടിട്ടില്ല. അവരുടെ പിതാവിന്റെ ആഗ്രഹപ്രകാരം അവിടുന്ന് അവളുമായി 500 ദർഹം മഹർ നൽകിക്കൊണ്ട് നിക്കാഹ് ചെയ്തു. അവിടുന്ന് അവരുടെ അടുത്ത് ചെന്നപ്പോൾ അവൾ പറഞ്ഞു. ഞാൻ താങ്കളിൽ നിന്ന് അല്ലാഹുവിനോട് അഭയം ചോദിക്കുന്നു, ഇതുകേട്ട് റസൂൽ തിരുമേനി (സ) പറഞ്ഞു, നീ ഒരു വലിയ അഭയസ്ഥാനത്തോട് അഭയം ചോദിച്ചിരിക്കുന്നു, എന്നിട്ട് പുറത്ത് വന്നു ഉബൈദ് എന്ന തന്റെ ഒരു സഹാബിയോട് പറഞ്ഞു. ഇവരെ ഇവരുടെ വീട്ടുകാരുടെ അടുത്ത് വിട്ടേച്ചു വരുക. ചരിത്രത്തിൽ ഇതു കാണാം. ഈ വിവാഹത്തിൽ വീട്ടുകാർ വളരെ സന്തോഷത്തിലായിരുന്നു. ഞങ്ങളുടെ മകൾ റസൂൽ തിരുമേനിയുടെ ഭാഗ്യമായിരുന്നു. എന്നാൽ തിരിച്ച് വന്നപ്പോൾ വളരെയധികം ദേഷ്യപ്പെട്ടു. അവളെ വളരെ ചീത്ത പറഞ്ഞു. ഈ മഹത്തായ വ്യക്തിയെക്കുറിച്ചാണ് സ്ത്രീകളെ സംബന്ധിച്ച് ആരോപണം ഉണ്ടാക്കപ്പെടുന്നത്. അദ്ദേഹം വിവാഹം കഴിച്ചത് പോലും അല്ലാഹുവിന്റെ കൽപ്പനയുള്ളതു കൊണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയിട്ടുണ്ട്, ഭാര്യമാർ ഇല്ലായിരുന്നുവെങ്കിൽ മക്കൾ ഉണ്ടാകുമായിരുന്നില്ല. മക്കൾ മുഖേനയുണ്ടാകുന്ന പരീക്ഷണങ്ങൾക്ക് എപ്രകാരമാണ് നേരിട്ടത്. അതുപ്പോലെ തന്നെ ഭാര്യമാരോടുള്ള നല്ല പെരുമാറ്റത്തിന്റെ മാതൃക പിന്നെ എങ്ങനെയാണ് നിലനാട്ടാൻ സാധിക്കുക. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിയായിരുന്നു. ഹദ്റത്ത് ആയിശ (റ) ക്കുറിച്ച് ആരോപണം ഉന്നയിക്കപ്പെടുന്നു. അവർ വളരെ പ്രിയപെട്ടവളായിരുന്നു. പിന്നീട് വയസ്സിനെ ക്കുറിച്ചും ഒരുപാട് കാര്യങ്ങൾ പറയുന്നു. ആയിശ (റ) യോടും രാത്രിയിൽ അവിടുന്ന് ചില രാത്രികളിൽ ഇതാണ് പറഞ്ഞിരുന്നത്. ഞാൻ മുഴുവൻ രാത്രിയും അല്ലാഹുവിനെ ആരാധിക്കാൻ ആഗ്രഹിക്കുന്നു. അവനാണ് എനിക്ക് ഏറ്റവും കൂടുതൽ പ്രിയപ്പെട്ടവൻ. ആരുടെ തലച്ചോറിലാണോ മാലിന്യം നിറഞ്ഞിരിക്കുന്നത് അവർ ഈ ആരോപണം തന്നെ ഉന്നയിക്കണം, അത് ഉന്നയിച്ചിട്ടുണ്ട് അങ്ങനെ ഉന്നയിച്ചുക്കൊണ്ടിരിക്കും. ഞാൻ മുമ്പ് പറഞ്ഞത് പോലെ അല്ലാഹു തീരുമാനിച്ചിരിക്കുന്നു. അല്ലാഹു അത്തരക്കാരെക്കൊണ്ട് നരകം നിറച്ചുകൊണ്ടിരിക്കും. ഇവരും ഇവരെ സഹായിക്കുന്നവരും അല്ലാഹുവിന്റെ ശിക്ഷയെ ഭയക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്പ്പോലെ അല്ലാഹു തന്റെ പ്രിയപ്പെട്ടവർക്കായി വളരെയധികം ആത്മാഭിമാനം ഉള്ളവനാണ്. ഈ കാലഘട്ടത്തിൽ അവർ തന്റെ മസീഹിനെയും മഹ്ദിയെയും നിയോഗിച്ച് ലോകത്തെ പരിഷ്കരണത്തിലേക്ക് ശ്രദ്ധിപ്പിച്ചു. എന്നാൽ അഥവാ പരിഹാസത്തിൽ നിന്നും അക്രമത്തിൽ നിന്നും വിട്ട് നിന്നില്ല എങ്കിൽ അല്ലാഹുവിന്റെ പിടുത്തവും വളരെ ഭയാനകമാണ്. ലോകത്തിലെ എല്ലാ ഭാഗങ്ങളിലും ഇന്ന് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായിക്കൊണ്ടിക്കുന്നു. എല്ലായിടങ്ങളിലും നാശമാണുള്ളത്. അമേരിക്കയിലും കൊടുങ്കാറ്റ് ഉണ്ടാവുന്നു. മുമ്പത്തേക്കാൾ കൂടുതലായി ഉണ്ടാകുന്നു. സാമൂഹിക ശോചനീയാവസ്ഥ വർദ്ധിക്കുന്നു. ഗ്ലോബൽ വാർണിംഗ് കാരണം ജനങ്ങൾ വെള്ളത്തിനടിയിലാകുന്നതിന്റെ ഭയം ഉണ്ടാകുന്നു. ഇത്തരം ഭീതികളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ എല്ലാ കാര്യങ്ങളിലും അതിർത്തി ലംഘിച്ചവർ അല്ലാഹുവിലേക്ക് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യമുണ്ട്. അങ്ങനെ ശ്രദ്ധിക്കുന്നവരായി ത്തീരണം. ഈ വിധത്തിലുള്ള അനാവശ്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നവരായി തീരരുത്. എന്നാൽ നിർഭാഗ്യവശാൽ ഇതിന് വിപരീതമാണ് നടന്ന് കൊണ്ടിരിക്കുന്നത്. അതിരുകൾ ലംഘിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്, വ്യക്തമായി പറഞ്ഞിട്ടുണ്ട്. ലോകം അഥവാ അദ്ദേഹത്തിന്റെ വാക്കുകൾ ചെവികൊണ്ടില്ല എങ്കിൽ ഓരോ കാൽ വെപ്പും ലോകത്തെ നാശത്തിലേക്ക് കൊണ്ടെത്തിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശം വീണ്ടും വീണ്ടും ആവർത്തിക്കേണ്ട സന്ദേശമാണ് എപ്പോഴും പറയാറുണ്ട്ഇന്നും ഞാൻ പറയാം.

പറയുന്നു, ഓർത്തുകൊള്ളുക അല്ലാഹു എനിക്ക് പൊതുവിൽ ഭൂകമ്പങ്ങളെക്കുറിച്ച് അറിവ് നൽകിയിരിക്കുന്നു. എപ്രകാരം പ്രവചനമനുസരിച്ച് അമേരിക്കയിൽ ഭൂകമ്പം ഉണ്ടായോ അപ്രകാരം യൂറോപ്പിലും ഉണ്ടായി. ഓർത്തുകൊള്ളുക ഏഷ്യയുടെ വിവിധ ഭാഗങ്ങളിലും ഉണ്ടാകുന്നതാണ്. അവയിൽ ചിലത് ഖിയാമത്തിന് തുല്യമായിരിക്കും. രക്തത്തിന്റെ നദികൾ ഒഴുകും വിധം മരണങ്ങൾ ഉണ്ടാകും. ഈ മരണത്തിൽ നിന്ന് പക്ഷിമൃഗാദികളും രക്ഷപ്പെടുകയില്ല. ഭൂമിയിൽ മനുഷ്യൻ ജനിച്ചത്

മുതൽ കാണാൻ സാധിക്കാത്ത നാശം ഉണ്ടാകും. അധിക സ്ഥല ങ്ങളും അവയിൽ ജനവാസം ഉണ്ടായിരുന്നില്ല എന്ന് തോന്നും വിധം കീഴ്മേൽ മറിയും. ഇതോടൊപ്പം മറ്റു ചില ആകാശീയവും ഭൗമികവുമായിട്ടുള്ള അപകടങ്ങൾ ഭയാനകമായ നിലയിൽ ഉണ്ടാകും. ഏതുവരെയെന്നാൽ ഓരോ ബുദ്ധിയുള്ള മനുഷ്യനും ഇത് ഒരു അസാധരണ സംഭവമായി തോന്നും. ഫിലോസഫിയു ടെയോ തത്വജ്ഞാനത്തിന്റെയോ ഗ്രന്ഥങ്ങളിൽ അതിനെക്കുറിച്ച് ഒന്നും ലഭിക്കുകയില്ല. അപ്പോൾ മനുഷ്യരിൽ വ്യകുലത ഉണ്ടാകും. ഇത് എന്താണ് സംഭവിക്കുന്നത്. ഒരുപാട് പേർ മോക്ഷം പ്രാപിക്കും. ഒരുപാട് പേർ നശിച്ച് പോകും. ആ ദിവസം സമീപസ്ഥമാണ്. അല്ല ഞാൻ അതിനെ വാതിൽക്കൽ കാണു ന്നു. ലോകം ഒരു ഖിയാമത്തിന്റെ ദൃശ്യം കാണും. കേവലം ഭൂകമ്പം മാത്രമല്ല മറ്റനേകം ആപത്തുകൾ ഉണ്ടാകും. കുറച്ച് ഭൂമിയിൽ നിന്നും കുറച്ച് ആകാശത്ത് നിന്നും. മനുഷ്യൻ തന്റെ ദൈവത്തെ ആരാധിക്കുന്നത് ഉപേക്ഷിച്ചതുകൊണ്ടാണിത്. എല്ലാ ഹൃദയവും എല്ലാ ധൈര്യവും എല്ലാ ചിന്താഗതിയും കൊണ്ട് ഭൗതീകതയിൽ വീണിരിക്കുന്നു. അഥവാ ഞാൻ വന്നില്ലായിരു ന്നുവെങ്കിൽ ഈ പരീക്ഷണങ്ങളിൽ അൽപ്പം താമസം കാണുമാ യിരുന്നു. എന്നാൽ എന്റെ വരവോടൊപ്പം അല്ലാഹുവിന്റെ ഒരു പാട് കാലമായി മറഞ്ഞിരിക്കുന്ന ഉദ്ദേശ്യം പ്രകടമായിരിക്കുന്നു. ഏതുപ്പോലെ അല്ലാഹു പറയുന്നു വമാ കുന്നാ മുഅദി ബീന........................റസൂല തൗബ ചെയ്യുന്നവർ സമാധാനത്തിലായിരിക്കും. ആപത്തിന് മുമ്പ് ഭയപ്പെടുന്നവരോട് കരുണ ചെയ്യപ്പെടും. നിങ്ങൾ ഈ ഭൂകമ്പത്തിൽ നിന്ന് സമാധാന ത്തിൽ ആയിരിക്കും എന്ന് നിങ്ങൾ ധരിക്കുന്നുവോ, അതല്ലെ ങ്കിൽ നിങ്ങൾ നിങ്ങളുടെ തന്ത്രങ്ങൾ കൊണ്ട് തങ്ങളെ രക്ഷപ്പെടു ത്തും എന്ന് ധരിക്കുന്നുവോ. ഒരിക്കലുമില്ല. മനുഷ്യപ്രവർത്തന ത്തിന് അന്ന് അവസാനമായിരിക്കും. അമേരിക്കയിലും മറ്റും ശക്തമായ ഭൂകമ്പങ്ങൾ ഉണ്ടായി നിങ്ങളുടെ രാജ്യം അതിൽ നിന്നും സുരക്ഷിതമാണ് എന്ന് ധരിക്കരുത്. അല്ലയോ യൂറോപ്പ് നീയും രക്ഷയിലല്ല, അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല, അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരെ നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ ദിവസം നിങ്ങളെ രക്ഷിക്കുകയില്ല. നഗരങ്ങൾ മറിഞ്ഞ് വീഴുന്നത് ഞാൻ കാണുന്നു. ജനവാസ സ്ഥലങ്ങൾ ജനശൂന്യമായതായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം ഒരുകാലം വരെ നിശബ്ദനായിരുന്നു. അവന്റെ കണ്ണിനു മുന്നിൽ നീചമായ പ്രവർത്തനങ്ങൾ ചെയ്തു. അവൻ നിശബ്ദനായി ഇരുന്നു. എന്നാൽ ഇപ്പോൾ അവൻ ഭീതിജനികമായ രീതിയിൽ തന്റെ മുഖം കാണിക്കും. ചെവിയുള്ളവർ കേൾക്കട്ടെ, ആ കാലം വിദൂരമല്ല. ഞാൻ അല്ലാഹുവിന്റെ സമാധാനത്തിന് കീഴിൽ എല്ലാവരെയും ഒരുമിപ്പിക്കാൻ പരിശ്രമിച്ചു, എന്നാൽ വിധിയുടെ ഏടുകൾ പൂർത്തിയാകേണ്ടതും നിർബന്ധമായിരുന്നു.

പറയുന്നു, നൂഹിന്റെ കാലം നിങ്ങളുടെ കൺമുന്നിൽ വരും. ലൂത്തിന്റെ ഭൂമിയുടെ കാര്യം നിങ്ങൾ സ്വന്തം കണ്ണ്കൊണ്ട് കാ ണും. എന്നാൽ അല്ലാഹു കോപത്തിൽ സാവധാനം കാണിക്കുന്ന വനാണ്. അതുകൊണ്ട് നിങ്ങളിൽ കരുണ ചൊരിയുന്നതിനു വേണ്ടി തൗബ ചെയ്യുക. ദൈവത്തെ ഉപേക്ഷിക്കുന്നവൻ മനു ഷ്യനല്ല. ഒരു കീടമാകുന്നു. അവനെ ഭയക്കാത്തവൻ ജീവനു ള്ളവനല്ല, മൃതനാണ്.

അല്ലാഹു ലോകത്തിന് ബുദ്ധി നൽകട്ടെ. നീചവും അക്രമ പരവുമായ ജോലി ചെയ്യുന്നതിൽ നിന്നും രക്ഷപ്പെടട്ടെ. നമുക്കും നമ്മുടെ ഉത്തരവാധിത്തം നിറവേറ്റാൻ അല്ലാഹു തൗഫീഖ് നൽകട്ടെ.

ഇപ്പോൾ ഞാൻ ജുമുഅ നമസ്കാരത്തിന് ശേഷം രണ്ട് ജനായ ഗായിബ് നമസ്കരിക്കുന്നതായിരിക്കും. രണ്ട് ശഹീദുകളുടെ ജനാസയാണ്. ഒന്നാമത്തെ ശഹിദ് അസിസ് നവീദ് അഹ്മദ് സാഹിബ്, ഇബ്നു സനാഉല്ലാഹ് സാഹിബാണ്. അദ്ദേഹത്തെ 2012 സെപ്റ്റംബർ 14 ന് കറാച്ചിയിൽ ശഹീദാക്കിയിരിക്കുന്നു إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ നവീദ് അഹ്മദ് സാഹിബ് ഇബ്നു സനാ ഉല്ലാഹ് സാഹിബിന്റെ കുടുംബത്തിൽ ആദ്യമായി ഇദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ കയ്യി ൽ ബൈഅത്ത് ചെയ്തു. ബൈഅത്തിന് മുമ്പ് അദ്ദേഹം അമൃ ത്സറിൽ ആയിരുന്നു. എന്നാൽ ബൈഅത്തിന് ശേഷം അദ്ദേഹ ത്തിന്റെ അധിക സമയവും ഖാദിയാനിൽ തന്നെയാണ് കഴിഞ്ഞ് പോയത്. ഹിജ്റത്തിന് ശേഷം അദ്ദേഹത്തിന്റെ കുടുംബം സിന്ധി ലെ മഹ്മൂദിബാദിലാണ് താമസിച്ചിരുന്നത്. 1985 ൽ കറാച്ചി യിലേക്ക് മാറി താമസിച്ചു.

നവീദ് അഹ്മദിന്റെ പിതാവ് സനാഉള്ളാഹ് സാഹിബിന് 1984 ൽ അസീനാനെ റാഹെ മൗല ആകുന്നതിനുള്ള ഭാഗ്യവും ലഭിച്ചു.

ശഹാദത്ത് സംഭവം ഇപ്രകാരമാണ്. 2012 സെപ്റ്റംബർ 14 ന് ജുമുഅ ദിവസം നവീദ് അഹ്മദ് സാഹിബും (ഇദ്ദേഹത്തിന്റെ പ്രായം 22 വയസ്സാണ്) തങ്ങളുടെ വീടുള്ള ഉബൈറ ടൗണിൽ ഹൽഖ ഗരൽഷനെ ശാമിക്ക് അടുത്ത് രണ്ട് അനഹ്മദി പഠാണി സുഹൃത്തുക്കളോടൊപ്പം ഇരിക്കുകയായിരുന്നു. രണ്ട് അജ്ഞാ തരായ ആളുകൾ മോട്ടോർ സൈക്കിളിൽ വന്ന് കൊണ്ട് അവർ ഈ മൂന്ന് യുവാക്കളെയും വെടിവെച്ചു. നവീദ് അഹ്മദ് സാഹി ബിന് വയറ്റിൽ 2 വെടിയേറ്റു. മറ്റു രണ്ട് യുവാക്കൾക്കും വെടിയേറ്റു. അങ്ങനെ മൂന്ന് പേർക്കും പരിക്ക് പറ്റി. അവരെ ഹോസ്പിറ്റലി ലേക്ക് കൊണ്ട് പോയി. എന്നാൽ നവീദ് അഹ്മദ് ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നതിനിടക്ക് പരിക്ക് സഹിക്കാൻ സാധിക്കാതെ വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

വളരെ സാധാരണക്കാരന്റെ സ്വഭാവമുള്ള നിർമ്മലഹൃദയനായ സഹാനുഭൂതിയുള്ള വ്യക്തിയായിരുന്നു. വിനയസ്വഭാവത്തിന് ഉടമയായിരുന്നു. പഠിക്കാൻ താത്പര്യമുള്ള ആളായിരുന്നു. എന്നാ ൽ ദാരിദ്ര്യം നിമിത്തം പഠിക്കാൻ സാധിച്ചിരുന്നില്ല. തന്റെ പിതാ വിനോടൊപ്പം ജോലിചെയ്യുകയായിരുന്നു. അങ്ങിനെ ജോലി ചെയ്തുകൊണ്ടിരിക്കെ പ്രൈവറ്റായി ഇദ്ദേഹം മെട്രിക്കും പാസ്സാ യി. ഈ റംസാനും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഡ്യൂട്ടി ക്കായി സ്വയം സമർപ്പിച്ചു. എപ്പോഴും സ്വയം സമർപ്പിക്കുമാ യിരുന്നു. വളരെ നല്ല നിലയിൽ ഡ്യൂട്ടി ചെയ്യുമായിരുന്നു. അദ്ദേ ഹം ജോലി ചെയ്തിരുന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഓഫീസർ മാരെ അദ്ദേഹത്തിന്റെ സ്വഭാവവും വിശ്വാസവും വളരെയധികം സ്വാധീനിച്ചിരുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിലും ഓഫീസിൽ നിന്ന് ഒരുപാട് പേർ പങ്കെടുത്തു. അതുപ്പോലെ തന്നെ ആ സ്ഥാപനത്തിന്റെ ഉടമസ്ഥനും അദ്ദേഹത്തിന്റെ കുടും ബാംഗങ്ങളും വീട്ടിൽ അനുശോചനം അറിയിക്കാനായി വന്നു. ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ രണ്ടു പേരും സഹോദരങ്ങൾ രണ്ടു പേരും സഹോദരിമാർ രണ്ട് പേരും ജീവിച്ചിരിപ്പുണ്ട്.

രണ്ടാമത്തെ ജനാസ റിയാസ് അഹ്മദ് സാഹിബ് സിദ്ദീഖിയുടെ മകൻ മുഹമ്മദ് അഹ്മദ് സിദ്ദീഖിന്റെതാണ്. ശഹാദത്ത് സെപ്റ്റംബർ 15 ന് കറാച്ചിയിൽ നടന്നു. (കറാച്ചിയിൽ ശഹാദത്ത് വളരെ അധികമായി നടക്കുന്നു. ടാർഗറ്റ് ചെയ്തുകൊണ്ടുള്ള ശഹാദത്താണ്. അവർക്ക് വേണ്ടി വളരെയധികം ദുആ ചെയ്യുക. അല്ലാഹു കറാച്ചിയിലെ അഹ്മദികളെ തന്റെ സംരക്ഷണ ത്തിലും സമാധാനത്തിലും വെക്കട്ടെ. ഇന്ന് ഏറ്റവും കൂടുതലായി ടാർഗറ്റ് ചെയ്തുകൊണ്ട് ശഹീദാക്കുന്നത് കറാച്ചിയിലാണ്. ഭരണാധികാരികളുടെ സ്ഥാപനങ്ങൾ മുഖേന അക്രമം പ്രവർത്തി ക്കുന്നത് പഞ്ചാബിലാണ്. ഏതായാലും അല്ലാഹു എല്ലായി ടത്തും എല്ലാ അഹ്മദികളെയും സുരക്ഷിതരാകട്ടെ.മുഹമ്മദ് അഹ്മദ് സിദ്ദീഖി സാഹിബിന്റെ കുടുംബം കറാച്ചിക്കാരാണ്.

അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് ഇദ്ദേഹത്തിന്റെ സഹോദരൻ ഇംറാൻ അഹ്മദ് സിദ്ദീഖി 2001 ൽ അമേരിക്കയിൽ വെച്ച് ബൈഅത്ത് ചെയ്തതിലൂടെ ഉണ്ടായത്. ഇതിനു ശേഷം ഇംറാൻ സിദ്ദീഖി സാഹിബിന്റെ തബ്‌ലീഗ് മുഖേന ഇദ്ദേഹവും രണ്ട് സഹോദരങ്ങളും ബൈഅത്ത് ചെയ്തു. ഉമൈർ സിദ്ദീഖിയും റിസ്‌വാൻ സിദ്ദീഖിയും ഇതിനു ശേഷം മാതാപിതാക്കളും മുഴുവൻ കുടുംബവും ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ശഹാദത്ത് സംഭവം ഇപ്രകാരമാണ്. 2012 സെപ്റ്റംബർ 15 ശനിയാഴ്ച ഏകദേശം 12 മണിക്ക് മുഹമ്മദ് അഹ്മദ് സിദ്ദിഖി തന്റെ സഹോദരി ഭർത്താവ് മലിക് ശംസ് ഫഖ്‌റി സാഹിബുമായി ടിപ്പാർട്ട്മെന്റൽ സ്റ്റോറായ .............. ഗുലിസ്ഥാൻ ദോഹരിലുള്ള അസ്സലാം സൂപ്പർ സ്റ്റോറിൽ നിന്നും മോട്ടോർ സൈക്കിളിൽ ഇറങ്ങിയതായിരുന്നു. കുറച്ച് ദൂരം മാത്രമെ സഞ്ചരിച്ചിരുന്നുള്ളൂ. അദ്ദേഹത്തെ ശക്തമായ രീതിയിൽ വെടി വെച്ചു. അതു കാരണം രണ്ട് വെടിയുണ്ട മുഹമ്മദ് അഹ്മദ് സിദ്ദീഖിന് കൊണ്ടു. അതിൽ ഒന്ന് അദ്ദേഹത്തിന്റെ ഹൃദയത്തലും മറ്റൊന്ന് പിറക് ഭാഗത്തും കൊണ്ടു. അങ്ങനെ അദ്ദേഹം അവിടെ വെച്ച് തന്നെ ശഹീദായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ അദ്ദേഹത്തിന്റെ സഹോദരിഭർത്താവ് ശംസ് ഫഖ്‌റി സാഹിബിന് അദ്ദേഹത്തിന്റെ ശരീരത്തിന്റെ അഞ്ച് വ്യത്യസ്ഥ സ്ഥലങ്ങളിൽ 5 വെടിയുണ്ടകൾ ഏറ്റു. അതിൽ ഒന്ന് അദ്ദേഹത്തിന്റെ വലത്തെ തോളിലും മറ്റൊന്ന് വയറ്റിലും മറ്റുള്ളവ കാലിലുമാണ് ഏറ്റിരിക്കുന്നത്. ഇപ്പോൾ അദ്ദേഹം ഹോസ്പിറ്റലിലാണ്. ഇദ്ദേഹത്തിന്റെ ആരോഗ്യത്തിന് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു പെട്ടെന്നുള്ള പൂർണ്ണമായ ശമനം ഇദ്ദേഹത്തിന് പ്രദാനം ചെയ്യട്ടെ. ശഹാദത്ത് സമയത്ത് ശഹീദ് മർഹുമിന്റെ പ്രായം 23 വയസ്സായിരുന്നു. ഒരാഴ്ച മുമ്പാണ് അദ്ദേഹത്തിന്റെ നിക്കാഹ് നടന്നത്.

ശഹീദ് മർഹും കഴിഞ്ഞ വർഷമാണ് എം.ബി.എ യുടെ പരീക്ഷ പാസ്സായത്. വളരെ സത്പ്രകൃതക്കാരനായ നിഷ്കളങ്കനായ, അനുസരണയുള്ള, സദ്സ്വഭാവത്തിന് ഉടമയായ വ്യക്തിയായിരുന്നു. പറയുന്നു 23 വയസ്സുള്ള സുന്ദരനായ ചെറുപ്പക്കാരനായിരുന്നു. സുന്ദരരൂപം മാത്രമായിരുന്നില്ല മനോഹരമായ സ്വഭാവത്തിനും ഉടമയായിരുന്നു. എപ്പോഴും ഏതാനും ദുആ എഴുതി തന്റെ പക്കൽ വെക്കുമായിരുന്നു അത് ചൊല്ലുമായിരുന്നു അദ്ദേഹത്തിന്റെ സഹോദരൻ പറയുന്നു, തങ്ങളിൽ ഏറ്റവും യോഗ്യനായിരുന്നു. 2012 സോപ്റ്റംബർ 12 ന് അദ്ദേഹം തന്റെ ചില സുഹൃത്തുക്കൾക്ക് മൊബൈലിൽ എസ്.എം.എസ് അയച്ചു, കറാ ച്ചിയിലെ അവസ്ഥ മോശമാണ്, ഞാൻ അഥവാ ശഹീദായാൽ എനിക്ക് വേണ്ടി ദുആ ചെയ്യണം. ശഹീദ് മർഹുമിന്റെ മാതാവ് പറയുന്നു, അനുശോചനം അറിയിക്കാൻ വന്ന ബന്ധുക്കളായ അനഹ്മദി സ്ത്രീകൾ പരിഹസിച്ചുകൊണ്ട് പറഞ്ഞു, താങ്കൾ അവസാനം കണ്ടില്ലേ. ഇതു കേട്ട് ശഹീദ് മർഹുമിന്റെ മാതാവ് മറുപടിയായി പറഞ്ഞു, ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട നബിയുടെ കൽപ്പനയനുസരിച്ച് മസീഹിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ആരെയും ഭയക്കുന്നില്ല, ഞാൻ ജമാഅത്തിന് വേണ്ടി എന്റെ ഒൻപത് മക്കളെയും ഖുർബാൻ ചെയ്യാൻ തയ്യാറാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശഹീദ് മർഹുമിന്റെ സഹോദരങ്ങൾ എല്ലാവരും ധൈര്യത്തിൽ തന്നെയാണ്. ശഹീദ് മർഹൂമിന്റെ പിതാവ് മുമ്പ് തന്നെ വഫാത്തായിട്ടുണ്ട്. ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ വൃദ്ധയായ മാതാവിനെക്കൂടാതെ 8 സഹോദരങ്ങളും 2 സഹോദരികളുമുണ്ട്. ഇദ്ദേഹം സഹോദരീ സഹോദരങ്ങളിൽ ഏറ്റവും ചെറുതായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ സ്ഥാനം ഉയർത്തട്ടെ. മഗ്ഫിറത്തോടു കൂടി പെരുമാറട്ടെ. ബാക്കി ബന്ധുക്കൾക്ക് സഹനവും ധൈര്യവും പ്രധാനം ചെയ്യട്ടെ. പാകിസ്ഥാനിലെ ഓരോ അഹ്മദിയെയും രക്ഷിക്കുമാറാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 September 21 at : Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: Nasarudheen.A.T , Tahir.M.P & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**